## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1926 — **17 . 6 . 2 0 1 3**- ൽ മറുപടിക്ക്

### വിജിലൻസ് കേസ് അന്വേഷണത്തിലുള്ള ഇടപെടലുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. പി . റ്റി. എ. റഹീം | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പുമന്ത്രി. |
| (എ) വിജിലൻസ് കേസുകളുടെ അന്വേഷണത്തിൽ സർക്കാർ ഇടപെടലുകൾ ഇല്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) വിജിലൻസ് കേസുകളുടെ അന്വേഷണത്തിൽ സർക്കാർ ഇടപെടുന്നില്ല. |
| (ബി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാർ അന്വേഷണ വിവരങ്ങളും വിശദാംശങ്ങളും മന്ത്രിമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാരുമായി പങ്ക് വയ്ക്കുന്നത് ശരിയാണോ; | (ബി) വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥർ നിയമാനുസൃതമല്ലാതെ അന്വേഷണങ്ങളുടെ വിവരങ്ങൾ മന്ത്രിമാരും മറ്റ് ഉന്നത ഉദ്യോഗസ്ഥന്മാരുമായി പങ്ക് വയ്ക്കാറില്ല. |
| (സി) അന്വേഷണങ്ങളിൽ ഇടപെടുന്നത് അധാർമ്മികവുംഅധികാര ദുർവിനിയോഗവുമാണെന്ന കാര്യം സർക്കാർ പരിഗണിക്കാറുണ്ടോ ;<br><br>(ഡി) എങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന്മാരെ സമ്മർദ്ദത്തിലാക്കാൻ ഇടയാക്കുന്ന നടപടികളിൽ നിന്നും പിന്തിരിയാൻ തയ്യാറാകുമോ; | (സി) യും (ഡി) യും<br><br>ഉദിക്കുന്നില്ല |
| (ഇ) വിജിലൻസിനെ സ്വതന്ത്രമായി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) വിജിലൻസ് വകുപ്പ് തികച്ചും സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. |

Manjuk

സെക്ഷൻ ആഫീസർ